LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്.

(സി) അഞ്ച് ഇനം പച്ചക്കറി വിത്തുകൾ അടങ്ങുന്ന പായ്ക്കറ്റുകൾ തയ്യാറാക്കിയത് വി.എഫ്.പി.സി.കെ.-യാണ്. പച്ചക്കറി തൈകൾ, ഗ്രോബാഗുകൾ എന്നിവ പച്ചക്കറി വികസന പദ്ധതിയിലുള്ള നഴ്സറികൾ, സർക്കാർ ഫാമുകൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, കർമ്മസേന എന്നീ ഏജൻസികൾ തയ്യാറാക്കി നൽകുന്നു.

(ഡി) ഏകദേശം 25000-ത്തോളം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിപ്പിക്കാനും ഏകദേശം 1 ലക്ഷം ടണ്ണോളം പച്ചക്കറി അധികമായി ഒന്നാം സീസണിൽ ഉൽപ്പാദിപ്പിക്കുവാനും ലക്ഷ്യമിടുന്നു. കൃഷി വകുപ്പിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെതുമായി 1500-ലധികം പച്ചക്കറി വിപണികൾ ഈ വരുന്ന ഓണക്കാലത്ത് പ്രവർത്തിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ഇതിനാവശ്യമായി വരുന്ന 6000-ത്തോളം ടൺ പച്ചക്കറികൾ കേരളത്തിലെ കർഷകരിൽ നിന്നും മാർക്കറ്റ് വിലയെക്കാൾ 10 ശതമാനം അധികം നൽകി സംഭരിക്കും. കാന്തല്ലൂർ, വട്ടവട പഞ്ചായത്തുകളിൽ ഉൽപ്പാദിപ്പിക്കുന്ന ശീതകാല പച്ചക്കറികൾ മുഴുവനും സംഭരിക്കുന്നതിനായി ഹോർട്ടികോർപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**കാർഷിക വില നിർണ്ണയ കമ്മീഷൻ**

38 (1377) ശ്രീ. പി. ടി. തോമസ്:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ . അനൂപ് ജേക്കബ്:
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാണ്യവിളകളുടെ വിലത്തകർച്ചമൂലവും കടബാധ്യത കാരണവും കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിളകൾക്ക് ഉല്പാദന ചെലവ് പോലും ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഉല്പാദന ചെലവും 50 ശതമാനം ലാഭവും ഉറപ്പാക്കാൻ കർഷക പ്രതിനിധികളെ ഉൾപ്പെടുത്തി കാർഷിക വില നിർണ്ണയ കമ്മീഷൻ രൂപീകരിക്കുമോ;

(സി) പഞ്ചാബ്, കർണ്ണാടക ഉൾപ്പെടെയുള്ള പല സംസ്ഥാനങ്ങളും കാർഷിക കടങ്ങൾ എഴുതിത്തള്ളിയത് പരിഗണിച്ച് സംസ്ഥാനത്തെ കർഷകരുടെ രണ്ട് ലക്ഷംവരെയുള്ള കാർഷിക കടങ്ങൾ എഴുതിത്തള്ളുന്ന കാര്യം ആലോചിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഇക്കാര്യം തൽക്കാലം പരിഗണനയിലില്ല.

**കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി**

39 (1378) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം കാർഷിക വിളകളെയാണ് ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെയായി പ്രസ്തുത പദ്ധതിപ്രകാരം എത്ര പേർക്ക് എത്ര തുക ആനുകൂല്യമായി നൽകിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം നൽകുമോ;

(സി) പ്രസ്തുത പദ്ധതിയിൽ സംസ്ഥാനത്തെ കൂടുതൽ വിളകളെ ഉൾപ്പെടുത്തുന്നതിനും നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചു നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം കേരളത്തിലെ പ്രധാനപ്പെട്ട 25 കാർഷിക വിളകളായ തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ (ചേന, മധുരക്കിഴങ്ങ്), കരിമ്പ്, പൂകയില, നെല്ല് എന്നീ വിളകളെ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) വിശദാംശം അനുബന്ധം *ആയി ചേർത്തിരിക്കുന്നു.

(സി) സംസ്ഥാനത്തെ എല്ലാ പ്രധാനപ്പെട്ട കാർഷിക വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തിയും നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ച് 22-3-2017 തീയതിയിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 21 വർഷത്തിനുശേഷം ഇപ്പോഴാണ് ഇൻഷ്വറൻസ് നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചിട്ടുള്ളത്. പുതുക്കിയതു പ്രകാരം ഇരട്ടി മുതൽ 13 ഇരട്ടിവരെയാണ്. നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.